# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2401 — 18/06/2014-ൽ മറുപടിക്ക്

## ആശുപത്രികളിൽ വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാര പരിശോധന

**ചോദ്യം** — **മറുപടി**

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരം പരിശോധിച്ച നൽകുന്നതിന് മരുന്ന കമ്പനികളെ തന്നെ ഏല്പിച്ചുകൊണ്ട് ഉത്തരവിറക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ ; | (എ) | മരുന്നു വിതരണം ചെയ്യുന്ന കമ്പനി വിതരണം ചെയ്യുന്ന മരുന്നിനൊപ്പം ഓരോ ബാച്ചിന്റെയും ഗുണനിലവാരം ടെസ്റ്റ് ചെയ്ത റിപ്പോർട്ട് ഉൾപ്പെടെ നൽകണമെന്ന് ഡ്രഗ്ഗ്സ് & കോസ്മെറ്റിക്സ് ആക്ട് നിഷ്ക്കർഷിക്കുന്നുണ്ട്.<br>2013-14 സാമ്പത്തിക വർഷം വരെ കോർപ്പറേഷന്റെ ജില്ലാ വെയർഹൗസുകളിൽ ലഭിക്കുന്ന മരുന്നുകളിൽ വാക്സിൻ, എക്സ്റേ എന്നിവ ഒഴികെയുള്ള മരുന്നുകളുടെയും, അനുബന്ധ ഉപകരണങ്ങളുടെയും ഓരോ ബാച്ചും കോർപ്പറേഷനുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള ഇന്ത്യയിലെ എൻ.എ.ബി.എൽ അംഗീകാരം ഉള്ള വിവിധ ലാബുകളിൽ അയച്ച് ഗുണനിലവാരം ഉറപ്പു വരുത്തിയശേഷമാണ് സർക്കാർ ആശുപത്രികൾക്ക് വിതരണം ചെയ്യുന്നത്. ഇതിനായി സാധാരണ 30 ദിവസമോ അതിൽ കൂടുതലോ എടുക്കാറുണ്ട്. എന്നാൽ കോർപ്പറേഷനിൽ മരുന്നുകൾ ലഭിച്ചശേഷം ഉള്ള പരിശോധനാ കാലതാമസം ഒഴിവാക്കുന്നതിനായി 2014-15 സാമ്പത്തിക വർഷം മരുന്നു വിതരണം ചെയ്യുന്ന കമ്പനികൾ തന്നെ ഓരോ ബാച്ചുകളും എൻ.എ.ബി.എൽ അംഗീകൃത ലാബിൽ ടെസ്റ്റ് ചെയ്തു ടെസ്റ്റ് റിപ്പോർട്ട് മരുന്നിനോടൊപ്പം നൽകണമെന്ന് ടെണ്ടറിൽ വ്യവസ്ഥ ചെയ്തിട്ടു്. ടെണ്ടറിൽ പങ്കെടുത്ത കമ്പനികളെല്ലാം ടെണ്ടർ വ്യവസ്ഥകൾ എല്ലാം അംഗീകരിച്ചതായുള്ള സമ്മതപത്രം ടെറിനോടൊപ്പം സമർപ്പിച്ചിട്ടുമുണ്ട്. ഇതിലൂടെ കോർപ്പറേഷൻ വെയർഹൗസുകളിൽ മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് അവ യഥാസമയം ആശുപത്രികൾക്ക് വിതരണം ചെയ്യുന്നതിനും സാധിക്കും.<br>കൂടാതെ ഇത്തരത്തിൽ കോർപ്പറേഷൻ വെയർഹൗസിൽ ലഭിക്കുന്ന മരുന്നുകളിൽ നിന്നും 10% റാമായി (Random samples) എടുത്ത് പരിശോധിച്ചു ഗുണനിലവാരം ഉറപ്പു വരുത്തുന്നുണ്ട്. ഇതിനുപുറമെ കോർപ്പറേഷൻ വെയർഹൗസുകളിലൂടെ വിതരണം ചെയ്യുന്ന മരുന്നുകൾ സംസ്ഥാന ഡ്രഗ്ഗ്സ് കൺട്രോൾ വകുപ്പും പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇത് മരുന്നുകളുടെ ഗുണനിലാവര കുറവിനും അഴിമതിയ്ക്കും വഴി തെളിയിക്കുമെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | മരുന്ന് പരിശോധന സ്വകാര്യ കമ്പനികളെ ഏൽപ്പിച്ചത് ഏത് ചട്ട പ്രകാരമാണ് ; | (സി) | ഡ്രഗ്ഗ്സ് & കോസ്മെറ്റിക്സ് ആക്ടിലെ മാർഗ്ഗനിർദ്ദേശമനുസരിച്ച് മരുന്നു വിതരണ കമ്പനികൾ നിർമ്മിച്ചു വിതരണം ചെയ്യുന്ന മരുന്നുകളിൽ ഓരോ ബാച്ചും പരിശോധന നടത്തി ഗുണനിലവാരം തൃപ്തികരമെന്ന് ഉറപ്പുവരുത്തിയശേഷം മാത്രമേ വിതരണം ചെയ്യാവൂ എന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. ഇതു കൂടാതെ എൻ.എ.ബി.എൽ അംഗീകൃത ലാബിൽ ടെസ്റ്റ് ചെയ്ത ടെസ്റ്റ് റിപ്പോർട്ട് മരുന്നിനോടൊപ്പം നൽകുവാനാണ് 2014-15 സാമ്പത്തിക വർഷത്തെ കോർപ്പറേഷന്റെ ടെണ്ടറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഡ്രഗ്ഗ്സ് കൺട്രോൾ വകുപ്പിന്റെയും കേന്ദ്ര സർക്കാരിന്റെ ശാസ്ത്ര സാങ്കേതിക വകുപ്പിന്റെയും നിയന്ത്രണത്തിലുള്ള എൻ.എ.ബി.എൽ (National Accreditation Board for Testing and Calibration Laboratories) അംഗീകാരമുള്ള ലാബുകളാണ് മരുന്നുകളുടെ ഗുണനിലവാര പരിശോധന നടത്തുന്നതിനായി മെഡിക്കൽ സർവ്വീസ്സസ് കോർപ്പറേഷൻ തെരഞ്ഞെടുത്തിട്ടുള്ളത്. |
| (ഡി) | പ്രസ്തുത ഉത്തരവ് പിൻവലിച്ച് സർക്കാർ തലത്തിൽ നിലവാരം നിശ്ചയിക്കാൻ നടപടി സ്വീകരിക്കുമോ ? | (ഡി) | ഇക്കാര്യത്തിൽ കെ.എം.എസ്.സി.എൽ. ചട്ടപ്രകാരമാണ് നടപടി സ്വീകരിച്ചിട്ടുള്ളത് എന്നതിനാൽ സർക്കാർ നടപടിയുടെ ആവശ്യകതയില്ല. |

സെക്ഷൻ ഓഫീസർ